(ഇ) എങ്കിൽ ഈ കേസ്സിന്റെ ക്രൈം നമ്പർ എത്രയാണ് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ ക്രൈം കേസ്സിലെ പ്രതികൾ ആരൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(ജി) ഈ പ്രതികളിലാരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(എച്ച്) അറസ്റ്റ് ചെയ്തവരുടെ പേരുവിവരവും അറസ്റ്റ് ചെയ്ത തീയതിയും സമയവും വ്യക്തമാക്കുമോ ;

(ഐ) ഇവരുടെ പേരിൽ ഉള്ള പ്രസ്തുത കേസ്സ് ഏതൊക്കെ സെക്ഷൻ പ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ജെ) ഈ സെക്ഷനുകളിൽ ജാമ്യം കിട്ടുന്നതും ജാമ്യം കിട്ടാത്തതുമായ വകുപ്പുകളുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(കെ) പ്രസ്തുത കേസ്സിലെ പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ അവരെ എപ്പോൾ അറസ്റ്റ് ചെയ്യും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-കെ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കോഴിക്കോട് മാവൂർ റോഡിലെ ലോഡ്ജിൽ ഉണ്ടായ സ്ഫോടനം

49 (1519) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ റോഡിലെ ലോഡ്ജിൽ ഉണ്ടായ സ്ഫോടനം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരെയൊക്കെ പ്രതി ചേർത്താണ് കേസെടുത്തിട്ടുള്ളത് ; എഫ്.ഐ.ആർ.-ന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സംഭവത്തിനുപിന്നിൽ ഗൂഡാലോചനയുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) എന്തൊക്കെ സ്ഫോടക വസ്തുക്കളും ഉപകരണങ്ങളുമാണ് സംഭവസ്ഥലത്തുനിന്നും കണ്ടെടുത്തിട്ടുള്ളത് ; ഇവയുടെ ഫോറൻസിക് പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത കേസ് അടിയന്തരമായി അന്വേഷിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കസബ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ : 84/11 u/s 4, 5 Explosive Substance Act പ്രകാരം ലോയ്ഡ് പോൾ, വയസ്സ് 23/11, S/O പൗലോസ്, ഗ്ലോറിയ ബിൽഡിംഗ്, NYMPHET, പെരുമാനൂർ, കൊച്ചിൻ എന്നയാളെ പ്രതിയാക്കി കേസ്സെടുത്തിട്ടുണ്ട്. (FIR-ന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെയും കണ്ടെത്തിയിട്ടില്ല.

(സി) 1. എന്തോ കറുത്ത വസ്തുകത്തിക്കരിഞ്ഞ് പിടിച്ച് നിൽക്കുന്ന നിലയിലുള്ളതും പുകപിടിച്ചതുമായ ചെറിയ സ്റ്റീൽ പാത്രം - 1 (ഒന്ന്)

2. ചെറിയ ഗ്യാസ് സിലിണ്ടർ (ഒരു പടക്കം ടേപ്പ് കൊണ്ട് ചുറ്റിക്കെട്ടിയ നിലയിൽ) - 1 (ഒന്ന്)

3. മിസ്റ്റർ ഇൻഡ്യാ ഗ്രീൻ എന്ന എഴുത്തുള്ള കടലാസുപെട്ടിയിൽ 8 പടക്കങ്ങൾ അടങ്ങിയ പെട്ടി - 1 (ഒന്ന്)

4. WE TWO's എന്ന എഴുത്തുള്ള പെട്ടിയിൽ 7 കയർ പൂത്തിരി അടങ്ങിയ പെട്ടി - 1 (ഒന്ന്)

5. Direction for Usage എന്നും മറ്റും എഴുത്തുള്ള ഗ്യാസ് സിലിണ്ടർ എണ്ണം - 5 (അഞ്ച്)

6. ഒട്ടിക്കാനുപയോഗിക്കുന്ന ടേപ്പ് ഉപയോഗിച്ചതിന്റെ ബാക്കി ചുറ്റ് - 1 (ഒന്ന്)

7. ഗ്യാസ് ഫ്ളെയിം ഉണ്ടാക്കാനുപയോഗിക്കുന്ന ഉപകരണം - 1 (ഒന്ന്)

8. ഓറഞ്ച് കളർ പിടിയുള്ള കത്രിക - 1 (ഒന്ന്)

9. LABORATORY RE AGENT എന്നും POTASSIUM CLHORIDE എന്നും മറ്റും എഴുത്തുള്ള ലേബൽ ഒട്ടിച്ചതും മുക്കാൽ ഭാഗത്തോളം വെളുത്ത പൊടി അടങ്ങിയ വെളുത്ത പ്ലാസ്റ്റിക് പാത്രം - 1 (ഒന്ന്)

10. MEDISOL എന്നും HIGHLY INFLAMMABLE എന്നും മറ്റും എഴുത്തുള്ളതും മുക്കാൽ ഭാഗത്തോളം ദ്രാവകം അടങ്ങിയതുമായ പ്ലാസ്റ്റിക് കുപ്പി 1 (ഒന്ന്)

11. ഗ്ലാസ്സ് മെഷർ ജാർ - 1 (ഒന്ന്)

12. MEDISOL എന്നും HIGHLY INFLAMMABLE എന്നും മറ്റും എഴുത്തുള്ളതും കാൽ ഭാഗത്തോളം ദ്രാവകം അടങ്ങിയതുമായ കുപ്പി 1 (ഒന്ന്)

13. സുമാർ 150 ഗ്രാം വെളുത്ത നിറത്തിലുള്ള തരികൾ അടങ്ങിയ പാക്കറ്റ് - 1 (ഒന്ന്)

14. Instant cold pain Relief Pack എന്നും മറ്റും എഴുത്തുള്ള നീല നിറത്തിലുള്ള പെട്ടിയിൽ സുമാർ കാൽ ഭാഗത്തോളം ടെന്നീസ് ബോളിന്റേതാണെന്ന് കരുതുന്ന ഓറഞ്ച് നിറത്തിലുള്ള കഷണങ്ങൾ അടങ്ങിയ പെട്ടി - 1 (ഒന്ന്)

LIBRARY ARCHIVES Kerala Legislative Assembly

15. സുമാർ 40 ഗ്രാം തൂക്കം വരുന്ന വെളുത്ത ക്രിസ്റ്റൽ രൂപത്തിലുള്ള തരി അടങ്ങിയ പ്ലാസ്റ്റിക് പൊതി - 1 (ഒന്ന്)

16. കറുത്ത നിറത്തിലുള്ള കയ്യുറകൾ - 2 (രണ്ട്)

17. കറുത്ത നിറത്തിലുള്ള റെക്സിൻ ബാഗ് - 1 (ഒന്ന്)

18. The Best എന്ന് എഴുത്തുള്ള പ്ലാസ്റ്റിക് കവർ - 1 (ഒന്ന്)

19. VENUS V 7800 A1 GAS FITTERS എന്നും മറ്റും എഴുത്തുള്ള മാസ്ക് - 1 (ഒന്ന്)

20. സ്പിരിറ്റ് ലാമ്പ് - 1 (ഒന്ന്)

ഫോറൻസിക് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത കേസ്സ് ഇപ്പോൾ കസബ പോലീസ് അന്വേഷിച്ച് വരുന്നു.

കൊല്ലം റൂറൽ പോലീസ് ആസ്ഥാനം

50 (1520) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ റൂറൽ പോലീസ് ആസ്ഥാനം എവിടെ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത് ;

(ബി) റൂറൽ പോലീസ് സംവിധാനത്തിൽ പുതിയതായി എത്ര തസ്തികകൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കൊല്ലം ജില്ലയിലെ റൂറൽ പോലീസ് ആസ്ഥാനം കൊട്ടാരക്കരയിലാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. 5-2-2011-ലെ ജി.ഒ. (എംഎസ്.) 32/2011/ആഭ്യ. പ്രകാരം കൊല്ലം പോലീസ് ജില്ല വിഭജിച്ച് കൊല്ലം ആസ്ഥാനമാക്കി കൊല്ലം സിറ്റി പോലീസ് ജില്ലയും കൊട്ടാരക്കര ആസ്ഥാനമാക്കി കൊല്ലം റൂറൽ പോലീസ് ജില്ലയും രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. റൂറൽ പോലീസ് ജില്ലയിലേക്ക് അനുവദിക്കേണ്ട തസ്തികകളെക്കുറിച്ച് അന്തിമ തീരുമാനമായിട്ടില്ല.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്

51 (1521) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിച്ചൽ ഗ്രാമപഞ്ചായത്തംഗം ശ്രീമതി ജയലതികയെ ജാതിപേര് പറഞ്ഞ് അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്തവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly